**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5208** **04-07-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂരിൽ റവന്യൂ ടവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന നിലമ്പൂർ മണ്ഡലത്തിലെ പുള്ളിപ്പാടം വില്ലേജ് ഓഫീസിനെ നവീകരണം വഴി സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | നിലമ്പൂരിൽ റവന്യൂടവർ നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ നില എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിനായി 14.125 കോടി രൂപയുടെ പദ്ധതി ചെലവ് അടങ്ങുന്ന വിശദമായ പദ്ധതി രൂപരേഖയ്ക്ക് സ.ഉ.(സാധാ)നം. 2582/2021/റവ തീയതി 09/08/2021 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ PFMS പോർട്ടൽ മുഖേന ഭവന നിർമ്മാണ ബോർഡ് (എസ്.പി.വി) കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതും ആയത് നിലവിൽ കിഫ്ബിയുടെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവൃത്തി - മലപ്പുറം ജില്ലയിലെ നിലമ്പൂർ റവന്യൂ ടവർ നിർമ്മാണം - വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.2582/2021/റവ. തീയതി,തിരുവനന്തപുരം, 09/08/2021

പരാമർശം:-

1. 31.08.2018 തീയതിയിലെ സ.ഉ (സാധാ) നം. 3570/2018/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 29.09.2018-തീയതിയിലെ സ.ഉ (സാധാ) നം. 4010/2021/റവ നമ്പർ സർക്കാർ ഉത്തരവ്.
3. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 04.01.2021-ലെ കെ.എസ്.എച്ച്.ബി-എച്ച്ഒ/163/2019-പി3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെയും മിനി സിവിൽ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി പരാമർശം 1 പ്രകാരം ഉത്തരവാകുകയുണ്ടായി.

2] 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ 17 റവന്യൂ ടവറുകൾക്കായി വകയിരുത്തിയ 250 കോടി രൂപയും 2016-17 ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ 8 റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾക്കായി (10 കോടി രൂപ വീതം) വകയിരുത്തിയ 80 കോടി രൂപയും ഉൾപ്പെടെ ആകെ 330 കോടി രൂപയുടെ പദ്ധതി അടങ്കലിന് പരാമർശം 2 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി.

3] പ്രസ്തുത പദ്ധതിയിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ റവന്യൂ ടവർ നിർമ്മാണം എന്ന പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 85/6-ൽ പ്പെട്ട 50.33 സെന്റ് സർക്കാർ ഭൂമിയിൽ 4 നിലകളായി 3556.74 ച.കീ വിസ്തീർണ്ണത്തിൽ നിർമ്മിക്കാനാണുദ്ദേശിക്കുന്ന റവന്യൂ ടവർ കെട്ടിടത്തിന്റെ 14.125 കോടി രൂപയുടെ പദ്ധതിച്ചെലവ് അടങ്ങുന്ന വിശദമായ പദ്ധതി രൂപരേഖ ഭരണാനുമതിയ്ക്കായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം 3-ലെ കത്ത് പ്രകാരം സമർപ്പിക്കുകയുണ്ടായി.

4] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം 3-ലെ കത്ത് പ്രകാരം സമർപ്പിച്ച, മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 85/6-ൽ പ്പെട്ട 50.33 സെന്റ് സർക്കാർ ഭൂമിയിൽ 4 നിലകളായി 3556.74 ച.മീ വിസ്തീർണ്ണത്തിൽ നിർമ്മിക്കാനാണുദ്ദേശിക്കുന്ന റവന്യൂ ടവർ കെട്ടിടത്തിന്റെ 14.125 കോടി രൂപയുടെ പദ്ധതിച്ചെലവ് അടങ്ങുന്ന വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Anilkumar K

അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.